ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരികനയം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) ഇവ അപര്യാപ്തമാണെന്ന കാര്യം പര്യാപ്തമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഇ) കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ)&(ബി) 26.5.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/99/ജി.എ.ഡി. പ്രകാരം ഒരു പുതിയ സാംസ്കാരികനയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് പുരാവസ്തു വകുപ്പിൽ വിപുലമായ സൗകര്യങ്ങളുണ്ട്. സ്ട്രക്ചറൽ കൺസർവേഷൻ നടത്തുന്നതിന് ചീഫ് കൺസർവേഷൻ എൻജിനീയറുടെ നേതൃത്വത്തിൽ ഒരു സ്ട്രക്ചറൽ കൺസർവേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. രാസസംരക്ഷണ ജോലികൾ ചെയ്യുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു കൺസർവേഷൻ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

19 (1233) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി

ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, സർവ്വവിജ്ഞാനകോശം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏത് തരത്തിലുള്ള പെൻഷനാണ് നൽകേണ്ടതെന്ന കാര്യത്തിൽ തീരുമാനമാകാതെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എന്നത്തേക്കു തീരുമാനം കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)കേരള കലാമണ്ഡലം, ഉണ്ണായിവാര്യർ സ്മാരകം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏത് തരം പെൻഷൻ പദ്ധതിയാണ് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുള്ള പെൻഷൻ പദ്ധതി മറ്റ് സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിലുള്ള തീരുമാനം അധികം വൈകാതെ ഉണ്ടാകുന്നതാണ്.

(ഡി)&(ഇ) ഏതു തരത്തിലുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കണം എന്ന കാര്യത്തിൽ അഭിപ്രായം ആരാഞ്ഞിട്ടില്ല.

(എഫ്)കേരള കലാമണ്ഡലത്തിലെ ജീവനക്കാർക്ക് ട്രഷറിയിൽനിന്നും പെൻഷൻ നൽകിവരുകയാണ്. ഉണ്ണായിവാര്യർ സ്മാരകത്തിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചതായി കാണുന്നില്ല.

(ജി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

20 (1234) സാംസ്കാരിക കലാകാരന്മാർക്ക് പെൻഷൻ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കസ് കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം എത്രപേർക്ക് ഇതിനകം പെൻഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈയിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എന്തു തുക ഇതിനകം വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ 422 പേർ സർക്കസ് പെൻഷൻ വാങ്ങുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly